**A**

# സമഗ്രശിക്ഷാ കേരളം

**805**

**ആത്യന്തിക വിലയിരുത്തൽ - II, 2025 – 2026**

## സാമൂഹ്യശാസ്ത്രം

ക്ലാസ് : VIII

സമയം : 1 $^1/_2$ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ഓരോ വിഭാഗത്തിലും ചോയിസ് ഉള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുമാത്രം ഉത്തരമെഴുതിയാൽ മതി.

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം. (4 x 1 = 4)**

1. 1857 ലെ കലാപവുമായി ബന്ധപ്പെട്ട ശരിയായ ജോഡികൾ തിരിച്ചറിയുക.

   a. ലക്നൗ – ബീഗം ഹസ്രത്ത് മഹൽ
   b. ഡൽഹി – ബഹദൂർഷാ രണ്ടാമൻ
   c. ബീഹാറിലെ ആര – ജനറൽ ഭക്ത്ഖാൻ
   d. കാൺപൂർ - നാനാ സാഹിബ്

   A) b, c, d B) a, b, c C) a, c, d D) a, b, d

2. ഇന്ത്യയിൽ ആധുനിക ഇരുമ്പുരുക്ക് വ്യവസായത്തിന് തുടക്കം കുറിച്ച ഇരുമ്പുരുക്ക് ശാലയേത്?

   A) ഇന്ത്യൻ അയൺ ആൻഡ് സ്റ്റീൽ കമ്പനി
   B) മൈസൂർ അയൺ ആൻഡ് സ്റ്റീൽ കമ്പനി
   C) ടാറ്റ അയൺ ആൻഡ് സ്റ്റീൽ കമ്പനി
   D) സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ

3. ഇന്ത്യയിൽ വോട്ടവകാശത്തിനുള്ള പ്രായം 21 വയസ്സിൽ നിന്നും 18 വയസ്സായി കുറച്ചത് ഏത് ഭരണഘടനാ ഭേദഗതി പ്രകാരമാണ്?

   A) 89-ാം ഭരണഘടനാഭേദഗതി B) 61-ാം ഭരണഘടനാഭേദഗതി
   C) 49-ാം ഭരണഘടനാഭേദഗതി D) 72-ാം ഭരണഘടനാഭേദഗതി

4. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്നും കണ്ടെത്തി ക്രമപ്പെടുത്തുക.

| A | B |
|---|---|
| a. വൈകുണ്ഠ സ്വാമികൾ | i. ആത്മവിദ്യാസംഘം |
| b. പൊയ്കയിൽ യോഹന്നാൻ | ii. അരയസമാജം |
| c. പണ്ഡിറ്റ് കെ.പി. കറുപ്പൻ | iii. സമത്വസമാജം |
| d. വാഗ്ഭടാനന്ദൻ | iv. പ്രത്യക്ഷ രക്ഷാദൈവസഭ |
| | v. യോഗക്ഷേമസഭ |

   A) a – ii, b - iii, c - i, d – v B) a – iii, b - ii, c - iv, d – i
   C) a – iii, b - iv, c – ii, d – i D) a – iv, b - ii, c - i, d - iii

**5 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതണം. 2 സ്കോർ വീതം. (3 x 2 = 6)**

5. (A) 1909 - ൽ നടപ്പിലാക്കിയ മിന്റോ-മോർലി പരിഷ്കാരത്തിലെ പ്രധാന വ്യവസ്ഥകൾ എഴുതുക.

**അല്ലെങ്കിൽ**

(B) 1916-ലെ കോൺഗ്രസ്സിന്റെ ലക്നൗ വാർഷികസമ്മേളനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.


6. പൗരരുടെ മൗലിക കർത്തവ്യങ്ങളെക്കുറിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി 1976-ൽ കേന്ദ്രസർക്കാർ നിയോഗിച്ച കമ്മിറ്റിയേത്? അതിന്റെ പ്രാധാന്യം വ്യക്തമാക്കുക.

7. 'സൃഷ്ടിപരമായ നശീകരണം' എന്ന ആശയം ആവിഷ്കരിച്ചത് ആര്? ഈ സിദ്ധാന്തം മുന്നോട്ടുവയ്ക്കുന്ന ആശയം എഴുതുക.

**8 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതണം. 3 സ്കോർ വീതം. (4 x 3 = 12)**


8. ദേശീയപ്രസ്ഥാനം ശക്തമാകുന്ന വേളയിൽ സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടി കേരളത്തിൽ നടന്ന പ്രധാന സമരമാണ് വൈക്കം സത്യഗ്രഹം. പ്രസ്താവന സാധൂകരിക്കുക.

9. യൂറോപ്പിലെ ഭൂപ്രകൃതി വിഭാഗങ്ങളെ സൂചിപ്പിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.




10. സുസ്ഥിരവികസനം എന്നാലെന്ത്? സുസ്ഥിരവികസനത്തിലേക്ക് എത്താനുള്ള മാർഗങ്ങൾ എന്തെല്ലാം?

11. (A) ചിത്രം വിശകലനം ചെയ്ത് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




a. സെപ്റ്റംബർ 23 മുതൽ സൂര്യന്റെ ആപേക്ഷിക സ്ഥാനം ഏതെല്ലാം അക്ഷാംശങ്ങൾക്കിടയിലാണ് മാറുന്നത്?

b. ശൈത്യ അയനാന്തദിനം വിശദീകരിക്കുക.

**അല്ലെങ്കിൽ**

(B) മാനകസമയം എന്നാലെന്ത്? ഒരു രാജ്യത്ത് മാനകസമയം കണക്കാക്കുന്നതിന്റെ ആവശ്യകത എന്ത്?

**12, 13 ചോദ്യങ്ങൾക്ക് നാലോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതണം. 4 സ്കോർ വീതം. (2 x 4 = 8)**

12. പരമ്പരാഗത മാധ്യമങ്ങളോടൊപ്പം നവസാമൂഹികമാധ്യമങ്ങളും ആധുനിക ജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ പരമ്പരാഗതമാധ്യമങ്ങളും നവമാധ്യമങ്ങളും താരതമ്യം ചെയ്ത് പ്രസ്താവന വിലയിരുത്തുക.

- ആശയവിനിമയം
- പാരസ്പര്യം
- രൂപം

13. (A) ഒരു രാഷ്ട്രം എന്ന നിലയിൽ യൂറോപ്പിലെ ദേശരാഷ്ട്രങ്ങളിൽ നിന്നും ഇന്ത്യ വ്യത്യസ്തമാണ്. സമർഥിക്കുക.

**അല്ലെങ്കിൽ**

(B) ജനാധിപത്യഭരണവ്യവസ്ഥയിലെ രണ്ട് മാതൃകകളാണ് പാർലമെന്ററി വ്യവസ്ഥയും പ്രസിഡൻഷ്യൽ വ്യവസ്ഥയും. ഈ മാതൃകകളുടെ സവിശേഷതകൾ എഴുതുക.

**14, 15 ചോദ്യങ്ങൾക്ക് വിശദീകരിച്ച് ഉത്തരമെഴുതണം. 5 സ്കോർ വീതം. (2 x 5 = 10)**

14. (A) കേരളത്തിലെ ഇതരപ്രദേശങ്ങളെ അപേക്ഷിച്ച് മലബാറിൽ ദേശീയ പ്രസ്ഥാനം കൂടുതൽ കരുത്തുറ്റതായിരുന്നു. വിശ്ദീകരിക്കുക.

**അല്ലെങ്കിൽ**

(B) മനുഷ്യൻ എന്ന നിലയിൽ എല്ലാ വ്യക്തികൾക്കും തുല്യവും അർഹമായതുമായ പരിഗണന നൽകുക എന്നതാണ് ആധുനിക കാഴ്ചപ്പാടിൽ നീതിയുടെ പൊരുൾ. പ്രസ്താവനയുടെ അടിസ്ഥാനത്തിൽ നീതിയുടെ മൂന്ന് തത്വങ്ങൾ വിശദമാക്കുക.

15. ഉൽപാദന വ്യവസായങ്ങൾ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് കാരണമായെങ്കിലും നിരവധി സാമൂഹിക പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടയാക്കി. സൂചനകളുടെ അടിസ്ഥാനത്തിൽ തന്നിരിക്കുന്ന പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തുക.

- വിഭവശോഷണം
- പ്രാദേശിക അസമത്വം